(സി) ഇത്തരത്തിൽ ക്രോഡീകരിച്ച നിയമങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിയമനിർമ്മാണ വകുപ്പുകൾ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഈ വകുപ്പിൽനിന്നും ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ അതതു വർഷം ഗവണ്മെന്റ് പ്രസ്സിൽനിന്നും പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്തു വർഷം കൂടുമ്പോൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങളടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ്, കേരള കോഡ് എന്നീ പ്രസിദ്ധീകരണങ്ങളും, നിയമ നിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിശ്ചിത എണ്ണം ഗവൺമെന്റ് പ്രസ്സിൽ നിന്നും വിലനിശ്ചയിച്ച് ലഭ്യമാക്കാറുണ്ട്.

**നടപ്പിലാക്കാൻ കഴിയാത്ത നിയമങ്ങൾ**

135 (1865) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനിർമ്മാണം നടന്നിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതിന്റെ പേരിൽ നടപ്പിലാക്കാൻ കഴിയാത്ത എത്ര നിയമങ്ങളുണ്ടെന്നും അത് ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിയമനിർമ്മാണം നടന്നിട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നത് അതാത് ഭരണ വകുപ്പുകളാണ്. ഭരണവകുപ്പ് തയ്യാറാക്കുന്ന കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന നിയമവകുപ്പാണ് നിർവ്വഹിക്കുന്നത്. നിയമവകുപ്പിൽ ഒരു നിയമമാണ് ചട്ടങ്ങൾ രൂപീകരിക്കാതെയുള്ളത്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതുമായി ബന്ധപ്പെട്ട 2016 - ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്ട്, (2016-ലെ 21-ാം ആക്ട്) നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയമങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണ വകുപ്പുകളാണ്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതുമായി ബന്ധപ്പെട്ട 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്ടിൻകീഴിൽ (2016-ലെ 21-ാം ആക്ട്) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly